# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph:0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 03-02-2014

## റൂബെല്ല പ്രതിരോധ കുത്തിവെയ്പ്: ആശങ്ക ദൂരീകരിച്ചതിനുശേഷം കുത്തിവെയ്പുമതി

## -കെ എസ് ടി എ

പെൺകുട്ടികൾക്ക് നൽകുന്ന റൂബെല്ല പ്രതിരോധകുത്തിവെയ്പുമായി ഉയർന്നു വന്നിട്ടുള്ള ആശങ്കകൾ അകറ്റിയതിനു ശേഷം മാത്രമേ കുത്തിവെയ്പ് ആരംഭിക്കാവു എന്ന് കെ എസ് ടി എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. രക്ഷിതാക്കളിലും കുട്ടികളിലും ആശങ്കയുളവാക്കുന്ന വാർത്തകളാണ് മാധ്യമങ്ങളിലൂടെ പുറത്തുവരുന്നത്. അൺ എയ്ഡഡ് - സി ബി എസ് ഇ സ്കൂളുകളിലെ പെൺകുട്ടികളെ ഒഴിവാക്കിയതും വിവാദങ്ങൾക്കിടയാക്കിയിട്ടുണ്ട്. അധ്യാപക സംഘടനകൾ, രക്ഷിതാക്കൾ, ജനപ്രതിനിധികൾ എന്നിവരെയൊന്നും വിശ്വാസത്തിലെടുക്കാതെ ആരോഗ്യവകുപ്പ് ഏകപക്ഷീയമായിട്ടാണ് പ്രതിരോധ കുത്തിവെയ്പുകൾ ആരംഭിച്ചത്. ഇത് രക്ഷിതാക്കളിലും കുട്ടികളിലും സംശങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. കുട്ടികളെ നിർബന്ധിക്കാൻ അധ്യാപകർക്കും സ്കൂൾ അധികൃതർക്കും കഴിയില്ല. ആശങ്കകൾ ദൂരീകരിച്ച് അധ്യാപക-രക്ഷകർത്തൃസമിതികളെ വസ്തുതകൾ ബോധ്യപ്പെടുത്തിയതിനു ശേഷം മാത്രമേ സ്കൂൾ തലത്തിൽ പ്രതിരോധകുത്തിവെയ്പ് ആരംഭിക്കാവു എന്ന് കെ എസ് ടി എ ജനറൽ സെക്രട്ടറി എം ഷാജഹാൻ ആരോഗ്യവകുപ്പുഡയറക്ടറോട് ആവശ്യപ്പെട്ടു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി